# നാളികേര ഉത്പന്നങ്ങളുടെ പായ്ക്കിംഗ് യൂണിറ്റ് തുടങ്ങും

## നീരയുടെ വില കുറയ്ക്കാൻ കഴിയും

കൊച്ചി: നാളികേരത്തിന്റെ വിലയിടിവിൽ നാളികേര ഉത്പാദക കമ്പനികളുടെ കൺസോർഷ്യം ഉത്ക്കണ്ഠ രേഖപ്പെടുത്തി. കിലോഗ്രാമിന് 35 രൂപ താങ്ങുവില നിജപ്പെടുത്തി, ഉടൻതന്നെ സർക്കാർ നാളികേര സംഭരണം തുടങ്ങണമെന്നും കൊച്ചിയിൽ ചേർന്ന കൺസോർഷ്യത്തിന്റെ യോഗം ആവശ്യപ്പെട്ടു.

കേരളത്തിലെ നാളികേര കർഷക ഉത്പാദക കമ്പനികളുടെ നീര, മറ്റ് മൂല്യവർധിത ഉത്പന്നങ്ങൾ എന്നിവയുടെ ആധുനികവും ഏകീകൃതവുമായ പായ്ക്കിംഗിനുള്ള പ്ലാസ്റ്റിക് കണ്ടെയ്നറുകളും കുപ്പികളും നിർമിക്കുന്ന യൂണിറ്റ് തുടങ്ങും. ഓരോ കമ്പനികളും പൂർണ ശേഷിയിൽ പ്രവർത്തനം തുടങ്ങുമ്പോൾ ആയിരക്കണക്കിനു പ്ലാസ്റ്റിക് കണ്ടെയ്നറുകളും കുപ്പികളും ദിനംപ്രതി ആവശ്യമായി വരും. ഇപ്പോൾ 200 മില്ലി നീര പായ്ക്ക് ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് കുപ്പിക്ക് മൂന്നു മുതൽ 4.30 രൂപവരെയാണ് വില. ഇതു നീരയുടെ വിലപന വിലയെ ബാധിക്കുന്നു. കുപ്പിയുടെ വില കുറയ്ക്കാൻ സാധിച്ചാൽ അതിലൂടെ നീരയുടെ റീട്ടെയിൽ വിലയും കുറയും. അപ്പോൾ നീര വിപണിയിലെ വില്പന ഇനിയും കൂടുമെന്നും യോഗം വിലയിരുത്തി.



ഡിസംബർ 31നു മുമ്പായി എല്ലാ കമ്പനികളും ഓഹരി സമാഹരണം പൂർത്തിയാക്കണമെന്നും നിലവിൽ വെളിച്ചെണ്ണ യൂണിറ്റുകൾ തുടങ്ങാത്ത കമ്പനികൾ അടിയന്തരമായി നിലവാരമുള്ള വെളിച്ചെണ്ണ ഉത്പാദിപ്പിച്ചു വിപണിയിൽ ഇറക്കണം.

യോഗത്തിൽ ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ അധ്യക്ഷത വഹിച്ചു. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, കൺസോർഷ്യം വൈസ് ചെയർമാൻ സണ്ണി ജോർജ്, നാളികേര ഉത്പാദക കമ്പനികളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. അടുത്ത യോഗം കോഴിക്കോട്ടു ചേരും.